(ബി) കെ. എസ്. ആർ. ടി. സി.-യുടെ പുതിയ ബസ്സുകൾ ഉൾപ്പെടെ മാസത്തിലൊരിക്കൽ എങ്കിലും അവ കഴുകി വൃത്തിയാക്കുന്നതിനും മറ്റും സംവിധാനം ഏർപ്പെടുത്തുമോ;

(സി) പുതിയ കെ. എസ്. ആർ. ടി. സി. ബസ്സുകളുടെ രണ്ട് ഡോറുകളും ഉപയോഗിക്കാത്തതുമൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരിഗണിക്കുന്നതാണ്.

(ബി) കെ. എസ്. ആർ. ടി. സി. ബസ്സുകൾ പതിവായി കഴുകി വൃത്തിയാക്കി സർവ്വീസ് നടത്തുന്നതിനുള്ള സംവിധാനം ഉണ്ട്. പോരായ്മകൾ ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതാണ്.

(സി) രണ്ട് ഡോറുകളും ഉപയോഗിക്കുന്നുണ്ട്.

പ്രൈവറ്റ് ബസ്സുകളുടെ മൽസര ഓട്ടം

61 [1369] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ പ്രൈവറ്റ് ബസ്സുകളുടെ മൽസര ഓട്ടം നിമിത്തം അപകടങ്ങൾ പതിവാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അമിത വേഗത്തിൽ ഓടുന്ന പ്രൈവറ്റ് ബസ്സുകളെ നിയന്ത്രിക്കുന്നതിനും, ശിക്ഷ നൽകുന്നതിനും നിലവിൽ നിയമമുണ്ടോ; എങ്കിൽ ഈ നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ഇത് കർശനമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) അമിത വേഗത്തിൽ ഓടുന്ന ബസ്സുകളെ നിയന്ത്രിക്കുന്നതിനും ശിക്ഷ നൽകുന്നതിനും നിലവിൽ നിയമമുണ്ട്. ഇവ നടപ്പിലാക്കുന്നുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly